13. കെ.ആർ.ഡബ്ല്യു.എസ്.എ. പദ്ധതിയുടെ കീഴിൽ ജനപങ്കാളിത്തത്തോടെ 1513 ചെറുകിട കുടിവെള്ള പദ്ധതികൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ല	..	387
മലപ്പുറം ജില്ല	..	453
തൃശ്ശൂർ ജില്ല	..	255
പാലക്കാട് ജില്ല	..	418
ആകെ	..	1513

(ബി) താഴെപ്പറയുന്ന പദ്ധതികൾ പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു:

(എ) ജലഅതോറിറ്റി

1. പി.എം.ജി.വൈ. പദ്ധതികൾ	..	23
2. ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ	..	49
3. എൻ.സി./പി.സി. പദ്ധതികൾ	..	31
4. റൂറൽ സ്കൂളുകളിലേക്കുള്ള പദ്ധതി	..	162
5. 'വർഷ' പദ്ധതി	..	521 യൂണിറ്റ്

(ബി) കെ.ആർ.ഡബ്ല്യു.എസ്.എ. ജലനിധി പദ്ധതിയുടെ 593 പദ്ധതികൾ.

(സി) ജെ.ബി.ഐ.സി. പദ്ധതിക്ക് വേണ്ടി 28.76 കോടി രൂപയും മറ്റ് പദ്ധതികൾക്ക് 20.59 കോടി രൂപയും കേരള വാട്ടർ അതോറിറ്റിക്ക് ചെലവായിട്ടുണ്ട്. ജലനിധി പദ്ധതി പ്രകാരം 28.24 കോടി രൂപയും ചെലവായിട്ടുണ്ട്.

(ഡി) ജെ.ബി.ഐ.സി. പദ്ധതിക്ക് 10.38 കോടി രൂപ ലഭിച്ചിട്ടുണ്ട്. ജലനിധി പദ്ധതിക്ക് 19.77 കോടി രൂപ ലോക ബാങ്ക് ഇന്ത്യാ സർക്കാരിന് വായ്പയായി നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക അധിക കേന്ദ്ര സഹായമായാണ് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ വഴി ലഭിക്കുന്നത്.

വരൾച്ച നേരിടുന്നതിന് ആവിഷ്ക്കരിച്ച താൽക്കാലിക ദീർഘകാല പദ്ധതികൾ

27 [1005] ശ്രീ. എ. സി. മൊയ്തീൻ:
,, പി. ജയരാജൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടുന്നതിന് സംസ്ഥാനത്ത് ആവിഷ്ക്കരിച്ച താൽക്കാലിക ദീർഘകാല പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ശുദ്ധജലത്തിന് ഇപ്പോഴും ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ടെന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly.

(സി) മഴ വന്നതോടുകൂടി വരൾച്ച നേരിടാനുള്ള ദീർഘകാല പദ്ധതികൾ നിലച്ചിട്ടുണ്ടോ; നിലവിലുള്ള ഏതെല്ലാം ദീർഘകാല പദ്ധതികളാണിപ്പോൾ നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ദീർഘകാല പദ്ധതികൾക്ക് ഏതെല്ലാം ഫണ്ടുകളാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വരൾച്ച നേരിടുന്നതിന് സംസ്ഥാനത്ത് പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. തടയണകളുടെ നിർമ്മാണം കുളങ്ങളുടെയും പദ്ധതികളുടെയും അറ്റകുറ്റ പണികൾ, ബോർ വെല്ലുകളുടെയും ട്യൂബ് വെല്ലുകളുടെയും നിർമ്മാണം, ഹാൻഡ് പമ്പുകളുടെ റിപ്പയർ, ജലസ്രോതസ്സുകളുടെ വിപുലീകരണം, കേടുവന്ന പൈപ്പ്ലൈൻ, പമ്പ്, മോട്ടോർ എന്നിവ മാറ്റി സ്ഥാപിക്കൽ എന്നിവയാണ് അവ. കൂടാതെ 'ജലനിധി' എന്ന ദീർഘകാല പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) പരിഗണിക്കും.

(സി) ഇല്ല. നിലവിലുള്ള ദീർഘകാല പദ്ധതികളായ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, മഴവെള്ള സംഭരണം, തടയണ നിർമ്മാണം എന്നിവയാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ വരൾച്ച നേരിടുന്നതിന് സംസ്ഥാനത്താരംഭിച്ച ദീർഘകാല പദ്ധതിയാണ് ജലനിധി.

(ഡി) ലോകബാങ്കിന്റെ സഹായം കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര ധനസഹായമായി ലഭിക്കുന്നു. ഈ ഫണ്ടുപയോഗിച്ചാണ് ജലനിധി പദ്ധതി നടപ്പാക്കുന്നത്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി 50% കേന്ദ്ര സഹായം ലഭിക്കുന്നു. കൂടാതെ വരൾച്ച ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടും ജില്ലാ കളക്ടർമാർ അനുവദിച്ച ഫണ്ടും ദീർഘകാല പദ്ധതികളുടെ നടത്തിപ്പിന് ഉപയോഗിക്കുന്നു.

മണിയാർ ഡാമിലെ മണൽ വാരാൻ അനുമതി

28 [1006] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ മണിയാർ ഡാമിലെ മണൽ വാരുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് ഇവിടെ നിന്നും മണൽ വാരുന്നതിനുള്ള അവകാശം ടെണ്ടർ ചെയ്തിരുന്നോ;

(സി) കരാർ നടപടികൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly